Circular No. 179
**Faith Formation**
**Day 2015**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 18-11-2015

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമെ,

2015 ഡിസംബർ 13-ാം തീയതി ഞായറാഴ്ച കോട്ടയം അതിരൂപത വിശ്വാസ പരിശീലന ദിനമായി ആചരിക്കുകയാണ്. മാമ്മോദീസായിലൂടെ വിശ്വാസമെന്ന ദൈവീകദാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും വിശ്വാസ വളർച്ചയും പക്വത പ്രാപിക്കലും ലഭ്യമാക്കിക്കൊണ്ട് ഈശോയെ നമ്മിൽ രൂപപ്പെടുത്തുന്ന ശ്രേഷ്ഠമായ സഭാശുശ്രൂഷയാണ് വിശ്വാസ പരിശീലനം. സഭയുടെ ഈ വലിയ പ്രവാചക-പ്രബോധന ശുശ്രൂഷയിൽ അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന എല്ലാ ബഹു. വികാരിയച്ചന്മാരെയും വിശ്വാസപരിശീലകരേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുകയും ഈ ദിനത്തിന്റെ ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ "മതബോധനം ഇന്ന്" എന്ന ശ്ലൈഹിക പ്രബോധനത്തിൽ പ്രാദേശിക സഭയും സാർവ്വത്രിക സഭയും വിശ്വാസ പരിശീലനത്തിന് മുൻഗണന നൽകണമെന്നകാര്യം പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. വിശ്വാസ പരിശീലനം സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. തലമുറകളായി നമുക്ക് ലഭിച്ച വിശ്വാസത്തെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ട് വരും തലമുറയ്ക്ക് കൈമാറാനുള്ള ഈ ദൗത്യം സഭാംഗങ്ങളെല്ലാവരും ഒത്തുചേർന്ന് നിർവ്വഹിക്കേണ്ടതാണ്. ദൈവം മനുഷ്യർക്ക് വെളിപ്പെടുത്തുകയും ദാനം ചെയ്യുകയും ചെയ്ത ഈശോയെ നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിച്ചുകൊണ്ട് പ്രത്യുത്തരം കൊടുക്കുക എന്നതാണ് ക്രൈസ്തവ വിശ്വാസം. ആയതിന് നമ്മെ സജ്ജമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനമാണ് വിശ്വാസ പരിശീലനം വഴി നടക്കുക.

കുട്ടികൾക്ക് വിശ്വാസം പകർന്നു നൽകേണ്ട പ്രഥമ വേദി കുടുംബങ്ങളാണ്. മക്കളുടെ സമഗ്ര വളർച്ച ആഗ്രഹിക്കുന്ന മാതാപിതാക്കൾ വിശ്വാസ പരിശീലനത്തിൽ കൂടുതൽ ശ്രദ്ധിക്കണം. ഇസ്രായേൽ ജനത്തിന് കല്പനകൾ നൽകിയ ദൈവം അവരെ ഉദ്ബോധിപ്പിക്കുന്നത് ഇപ്രകാരമാണ്. "ഞാനിന്ന് കല്പിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം; വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം" (നിയമാ. 6:6-8). ദൈവത്തിന്റെ ഈ ആഹ്വാനം മാതാപിതാക്കൾ ഏറ്റെടുക്കണം. അധ്യാപകരുടെ പരിശ്രമങ്ങൾ കുട്ടികളുടെ ജീവിതത്തിലൂടെ പൂവണിയുന്നതിൽ മാതാപിതാക്കളുടെ പ്രത്യേകമായ ശ്രദ്ധയും പ്രോത്സാഹനവും ഏറെ പ്രാധാന്യമർഹിക്കുന്നതാണല്ലോ. വിശ്വാസ പരിശീലന ക്ലാസുകളിൽ ആധുനിക സാമൂഹ്യ മാധ്യമങ്ങൾ പ്രയോജനപ്പെടുത്തി കുഞ്ഞുങ്ങൾക്ക് നൽകപ്പെടുന്ന വിശ്വാസ ബോധ്യങ്ങൾ അവരുടെ ജീവിതത്തിൽ വേരുപാകുന്നത് മാതാപിതാക്കളുടെയും മുതിർന്നവരുടെയും നല്ല ക്രൈസ്തവ സാക്ഷ്യത്തിലൂടെയാണെന്ന് വിസ്മരിക്കരുത്.

ചില മാതാപിതാക്കളുടെയെങ്കിലും ഭാഗത്തുനിന്നുള്ള നിസ്സംഗതയും നിസ്സഹകരണവുമാണ് വിശ്വാസപരിശീലന മേഖല നേരിടുന്ന നൂതന പ്രതിസന്ധി. പഠനത്തിലും കലാകായിക രംഗത്തും ഒന്നാമതാകാൻ വേണ്ടി കുട്ടികളിൽ അമിത സമ്മർദ്ദം ചെലുത്തുകയും തങ്ങളുടെ സമ്പത്തും സമയവും നിർല്ലോഭം അതിനുവേണ്ടി ചിലവഴിക്കുവാൻ മടികാണിക്കാതിരിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ വിശ്വാസ പരിശീലന രംഗത്ത് കുട്ടികൾക്ക് എത്രമാത്രം പ്രോത്സാഹനം നൽകുന്നു എന്ന് ചിന്തിക്കാനുള്ള അവസരമായി ഈ ദിനത്തെ കാണേണ്ടിയിരിക്കുന്നു. സ്കൂളുകളിലെ പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളിൽ ചിലരെങ്കിലും വിശ്വാസ പരിശീലന ക്ലാസുകളിൽ ആനുപാതികമായ മികവ് പുലർത്തുന്നില്ലായെന്നത് ഗൗരവമായി കാണേണ്ട യാഥാർത്ഥ്യമാണ്.

മാതാപിതാക്കൾ കഴിഞ്ഞാൽ കുട്ടികളുടെ വിശ്വാസ രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ടത് അധ്യാപകരാണ്. 'പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ്' എന്ന വി. യാക്കോബ് ശ്ലീഹായുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് വിശ്വാസ പരിശീലകരായി ജോലി ചെയ്യുകയല്ല വിശ്വാസ പരിശീലകരായി 'ജീവിക്കുക' എന്നതാണ് തങ്ങളുടെ വിളി എന്ന് വിശ്വാസ പരിശീലകർ മനസ്സിലാക്കണം. സമൂഹത്തിലെ കഷ്ടത അനുഭവിക്കുന്നവരെ അടുത്തറിഞ്ഞ് അവരോട് സഹാനുഭൂതി പ്രകടിപ്പിക്കുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള കുട്ടികളായി വളർത്തിയെടുക്കാൻ ആവശ്യമായ കർമ്മ പദ്ധതികൾ ഈ കാരുണ്യവർഷത്തിൽ വിശ്വാസ പരിശീലനത്തിൽ ഉൾപ്പെടുത്തുവാൻ വിശ്വാസ പരിശീലകർ പ്രത്യേകം ശ്രദ്ധിക്കണം.

ഇടവകയിലെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം വിശ്വാസ പരിശീലനമാണെന്ന് ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും അധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടവരാണ് ഇടവക വികാരിമാർ. കുടുംബങ്ങളിലും ഇടവകയിലും വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

വിശ്വാസ പരിശീലനം ഞായറാഴ്ച ആചരണത്തിന്റെ അവിഭാജ്യ ഘടകമാണ്. സൗകര്യങ്ങളുടെ പേരിൽ വിശ്വാസ പരിശീലനത്തെക്കാൾ മറ്റ് കാര്യങ്ങൾക്കായി ഞായറാഴ്ചകൾ മാറ്റിവയ്ക്കുന്ന പ്രവണതയെ ഇടവക സമൂഹവും മാതാപിതാക്കളും നിരുത്സാഹപ്പെടുത്തണം. വിശ്വാസ പരിശീലകരുടെ നിസ്വാർത്ഥ സേവനത്തെ ഇടവക സമൂഹം മുഴുവൻ ആദരവോടെ കാണുകയും കഴിവും ജീവിത മാതൃകയുമുള്ള കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് കടന്നുവരുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

നമ്മുടെ അതിരൂപതയിൽ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്ന വിശ്വാസ പരിശീലന കമ്മീഷനേയും കമ്മീഷന്റെ നിർദ്ദേശങ്ങൾ സന്തോഷത്തോടെ സ്വാഗതം ചെയ്ത് ഇടവകയിലെ വിശ്വാസ പരിശീലനം ഫലപ്രദമായി നിർവ്വഹിക്കാൻ നേതൃത്വം നൽകുന്ന ബഹു. വൈദീകരേയും അവരോടൊത്ത് ആത്മാർത്ഥതയോടെ ഈ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരുന്ന സന്ന്യസ്തരേയും ത്യാഗപൂർവ്വം പ്രവർത്തിക്കുന്ന വിശ്വാസ പരിശീലകരെയും വിശ്വാസ പരിശീലനത്തിന്റെ ചുമതല വഹിക്കുന്ന പാരീഷ് കൗൺസിൽ അംഗങ്ങളെയും ഈ പ്രവർത്തനങ്ങൾ ഫലദായകമാക്കാൻ സഹകരിക്കുന്ന മാതാപിതാക്കളെയും ഇതിന്റെ നന്മകൾ സ്വീകരിച്ച് ഉറച്ച ക്രൈസ്തവ ബോധ്യത്തിൽ വളരുന്ന നമ്മുടെ എല്ലാ കുഞ്ഞുങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 ഡിസംബർ 13-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിലേക്ക് അയച്ചുതരുകയും ചെയ്യേണ്ടതാണ്.